# ACADEMIC

# MASTER PLAN

For The Year 2025-26

## GOVT.SCHOOL FOR THE BLIND

KUNNAMKULAM

# MASTER PLAN
# 2025-26

കുന്നംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്ത്, ശാന്തസുന്ദരവും പ്രകൃതി മനോഹരവുമായ കന്നിന്മുകളിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ ജില്ലയിലെ (ചാവക്കാട് വിദ്യാഭ്യാസജില്ല, കുന്നംകുളം ഉപജില്ല) ഏറ്റവും പഴക്കമേറിയതും കേരളത്തിലെ ആദ്യത്തേതുമായ അന്ധ,ബധിര,മൂക വിദ്യാലയമാണ് ഇത്.

## ചരിത്രം

1934 - ൽ വ്യവസായ പ്രമുഖനും അഡ്വക്കേറ്റുമായിരുന്ന ശ്രീമാൻ കെ.ടി മാത്യൂവാണ് (ബി.എ.ബി.ൽ) ഈ വിദ്യാലയം സ്ഥാപിക്കുന്നതിനു മുൻകൈ എടുത്തത്. ഇതിനായി ഇദ്ദേഹം തന്റെ രണ്ടു സഹോദരന്മാരെ സിലോണിലയച്ചു കാഴ്ചയില്ലാത്തവർക്കും കേൾവി ഇല്ലാത്തവർക്കുമായുള്ള ട്രെയിനിങ് നൽകി.

ശ്രീമാന്മാർ കെ.ടി.ജോർജ്, കെ.ടി.ജോബ് എന്നിവരുടെ സഹായത്തോടെ കുന്നംകുളത്തെ തെക്കേപ്പാട് എന്ന സ്ഥലത്താണ് സ്കൂൾ ആരംഭിച്ചത്. ശ്രീമാന്മാർ പോൾ, ശ്രീധരൻ,സിദ്ധാർഥമേനോൻ തുടങ്ങിയവരായിരുന്നു ആദ്യ വിദ്യാർഥികൾ. 1949 - ൽ ആണ് ഈ വിദ്യാലയത്തെ സർക്കാർ ഏറ്റെടുത്തു ബോയ്സ് ഹൈസ്കൂളിന്റെ കേമ്പസിൽ സ്ഥാപിച്ചത് . 1961 ജൂലൈ 10 ന് സ്കൂൾ സ്വതന്ത്രമായി പ്രവർത്തനം തുടങ്ങി.

1962 - ൽ മാത്രമാണ് സ്കൂളിന് സ്വന്തമായി ഒരു ഹെഡ്മാസ്റ്ററെ ലഭിച്ചത്. ലണ്ടൻ ട്രെയിനിങ്ങിനു ശേഷം ചാർജ്ജിലെത്തിയ മേരി ജോസഫായിരുന്നു പ്രഥമ പ്രധാന അദ്ധ്യാപിക. പിന്നീട് ചാത്തുകുട്ടിയച്ചൻ, ഹസൻറാവുത്തർ, തുടങ്ങിയവർ പ്രധാന അദ്ധ്യാപകരായി എത്തുകയും ചെയ്തു.

ഇരുപതു കുട്ടികൾക്കുമാത്രം പഠിക്കാൻ സൗകര്യമുള്ള സ്കൂളിന് 1968- ഇൽ പൂർണ്ണ തോതിലുള്ള സ്കൂളാക്കിമാറ്റിയത് ഇ.എം.സ്. സർക്കാർ ആയിരുന്നു. പിന്നീട് വരുന്ന ഏത് വിദ്യാർത്ഥിക്കും ഇവിടെ ചേരാമെന്നസ്ഥിതി വന്നു. സ്കൂൾ 1990 - ഇൽ വിഭജിച്ച് കാഴ്ചയില്ലാത്തവർക്കും, കേൾവിയില്ലാത്തവർക്കുമായുള്ള രണ്ടു സ്ഥാപനങ്ങളായി മാറി.

കേരളത്തിലെ ആദ്യത്തെ അന്ധവിദ്യാലയമായ ഈ സ്ഥാപനം അന്ന് മുതൽ ഇന്നുവരെയും അനേകം കാഴ്ച പരിമിതർക്ക് വഴികാട്ടിയായി നിലകൊള്ളുന്നു. 40 ശതമാനമോ അതിനു മുകളിലോ കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികൾക്ക് 1 മുതൽ 7 വരെ ക്ലാസ്സുകളിലേക്ക് അഡ്മിഷൻ ലഭിക്കുന്നതാണ്. ഭക്ഷണം, താമസം, യൂണിഫോം, യാത്രാഭക്ത തുടങ്ങിയവ തികച്ചും സൗജന്യമാണ്. ഏഴാം ക്ലാസ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ തുടർ പഠനത്തിനായി സ്ക്കൂൾ ഹോസ്റ്റൽ പ്രയോജനപ്പെടുത്തിക്കൊണ്ട് സമീപ വിദ്യാലയങ്ങളിൽ പത്താംതരം വരെ പഠനം നടത്തുവാനുള്ള സൗകര്യവും ഇവിടെ ലഭ്യമാണ്. പൂർണമായും സർക്കാരിൻറെ കീഴിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ ഇരുപത്തിനാലുമണിക്കൂറും ജീവനക്കാരുടെ സേവനം ലഭ്യമാണ്.

2025 - 26 അധ്യായന വർഷത്തിൽ സ്ക്കൂൾ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി സാമൂഹികവും, ഭൗതികവും, സാങ്കേതികവുമായ മേഖലകളിൽ മാറ്റങ്ങൾ അനിവാര്യമാണ്. ഇതിനായി പാഠ്യ പാഠ്യേതര വിഷയങ്ങളിൽ കൂടുതൽ ഊന്നൽ നൽകി കൊണ്ടുള്ള പഠന തന്ത്രങ്ങൾ നടപ്പിലാക്കുന്നതാണ്.

സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വിദ്യാർത്ഥികളെ എത്തിക്കുന്നതിന്റെ ഭാഗമായി ഡെയിലി ലിവിങ് സ്കിൽസ് പരിശീലനങ്ങളായ ബ്രഷിങ്, ഡ്രസിങ്, ഹെയർ കോമ്പിങ്, ടോയ്‌ലെറ്റിങ്, ബാത്തിങ്, വീട്ടുസാധനങ്ങൾ പരിചയപ്പെടൽ തുടങ്ങിയ ജീവിത നൈപുണികൾ (ഗന്ധം, സ്പർശം, കേൾവി, രുചി, പേശീചലനം ) സ്വയം പര്യാപ്തമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. ബ്രയിൽ പഠനത്തിന്റെ ഭാഗമായി അടിസ്ഥാനപരമായ ബ്രയിൽ കുത്തുകൾ പരിചയപെടുന്നതിനുള്ള പരിശീലനങ്ങൾ, കേൾവി, ഉച്ചാരണം, വായന, എഴുത്ത് എന്നീ കഴിവുകൾ കുട്ടികൾ ആർജിക്കുന്നതിനാവശ്യമായ വർക്ക് ഷീറ്റുകൾ ,ചെറുകഥകൾ, ലഘു കവിതകൾ, കുട്ടിപ്പാട്ടുകൾ, കടങ്കഥകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നൽകൽ

# വിഷയാധിഷ്ഠിത ബോധന തന്ത്രങ്ങൾ

## മലയാളം

**പഠന ലക്ഷ്യങ്ങൾ:-**

- കുട്ടികളിൽ പഠന നേട്ടം ഉറപ്പുവരുത്തുക.
- കുട്ടികൾക്ക് കേൾക്കുവാനും,പറയുവാനും,വായിക്കുവാനും,എഴുതുവാനുമുള്ള കൂടുതൽ സമയം അനുവദിക്കുക.
- അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- സാഹിത്യ അഭിരുചി വളർത്തുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുക.
- ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുക.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|
| കഥ കവിത മറ്റു സാഹിത്യ സംഗീത രൂപങ്ങൾ കേൾക്കുവാനുള്ള അവസരം ഒരുക്കുക | ജൂൺ - ഒക്ടോബർ | മലയാളം അധ്യാപകർ |
| പദപ്പയറ്റ് സംഘടിപ്പിക്കുക | ഓഗസ്റ്റ് - നവംബർ | മലയാളം അധ്യാപകർ |
| പഴഞ്ചൊല്ലുകൾ, ശൈലികൾ, കടങ്കഥകൾ എന്നീ മത്സരങ്ങൾ സംഘടിപ്പിക്കുക. | ഓഗസ്റ്റ് - നവംബർ | മലയാളം അധ്യാപകർ |
| വിവിധ വിഭാഗത്തിൽപ്പെട്ട നാടൻപാട്ടുകളുടെ അവതരണം സംഘടിപ്പിക്കുക | ജൂലൈ - നവംബർ | മലയാളം അധ്യാപകർ, & പി.ടി.എ |
| സ്വതന്ത്ര രചനകൾക്കുള്ള അവസരം നൽകൽ (പോസ്റ്റർ നിർമ്മാണം,കയ്യെഴുത്തുമാസിക,നാടകം,റോൾപ്ലേ,ഡയറികുറിപ്പുകൾ, സെമിനാർ), വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ | ജൂലൈ- മാർച്ച് | മലയാളം അധ്യാപകർ |

Cont...

| | | |
|---|---|---|
| കേരളചരിത്ര സ്മാരക കലാകേന്ദ്രങ്ങൾ സന്ദർശിക്കൽ, ബന്ധപ്പെട്ട പ്രശ്നോത്തരികൾ സംഘടിപ്പിക്കൽ. | ജൂൺ - നവംബർ | മലയാളം അധ്യാപക |
| സാഹിത്യ കാരന്മാരുടെ പുസ്തകം പരിചയപ്പെടൽ,വസതികൾ സന്ദർശിക്കൽ പ്രസ്തുത പുസ്തകങ്ങളുടെ വായനകുറിപ്പുകൾ, ആസ്വാദന കുറിപ്പുകൾ, വിശകലന കുറിപ്പുകൾ, എന്നിവ തയ്യാറാക്കൽ | ജൂലൈ - നവംബർ | മലയാളം അധ്യാപകർ |

## ഇംഗ്ലീഷ്

**പഠന ലക്ഷ്യങ്ങൾ:-**

- വായന പ്രോത്സാഹിപ്പിക്കുക.പ്രാവീണ്യം
- ഇംഗ്ലീഷ് ഭാഷയിൽ സംസംഭാഷണം നടത്തുക.
- സ്വന്തം ആശയങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ച് തെറ്റ് കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തുക.
- തെറ്റ് കൂടാതെ എഴുതുവാനും വായിക്കുവാനുമുള്ള പ്രാവീണ്യം നേടിയെടുക്കുക.
- ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കുവാനും ഭാഷാ നൈപുണികൾ വളർത്തിയെടുക്കാനും ഉള്ള താല്പര്യം നേടിയെടുക്കുക

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|
| വേർഡ് ഗെയിംസ്, സിമ്പിൾ കോൺവർസേഷൻസ്, സ്കിറ്റ് അവതരണങ്ങൾ, | ജൂൺ - ഓഗസ്റ്റ് | ഇംഗ്ലീഷ് ടീച്ചേഴ്സ് |
| സിമ്പിൾ റൈയിംസ്, ഇംഗ്ലീഷ് അസംബ്ലി, സ്റ്റോറി ടെല്ലിങ്ങ് ആൻഡ് റൈറ്റിംഗ്, അനൗൺസ്മെൻറ്സ് | ജൂൺ - ഓഗസ്റ്റ് | ഇംഗ്ലീഷ് ടീച്ചേഴ്സ് |

Cont...

| | | |
|---|---|---|
| ബുക്സ് റീഡിങ്, സിമ്പിൾ സെന്റെൻസ് കാർഡ്, സെന്റെൻസ് മേക്കിങ് | ജൂലൈ - മാർച്ച് | ഇംഗ്ലീഷ് ടീച്ചേഴ്സ് |
| തോട്ട് ഫോർദിഡേ, ന്യൂസ് റിപ്പോർട്ട്, നോട്ടീസ് ആൻഡ് ലെറ്റർ, ഡയറി റൈറ്റിംഗ് | ജൂലൈ - മാർച്ച് | ഇംഗ്ലീഷ് ടീച്ചേഴ്സ് |
| സ്റ്റോറി, ന്യൂസ് ആർട്ടിക്കിൾസ്, പോയംസ് റീഡിങ് | ജൂൺ - മാർച്ച് | ഇംഗ്ലീഷ് ടീച്ചേഴ്സ് |
| റീഡേഴ്സ് തിയേറ്റർ | ഓഗസ്റ്റ്- ഫെബ്രുവരി | ഇംഗ്ലീഷ് ടീച്ചേഴ്സ് |

## ഹിന്ദി

**പഠന ലക്ഷ്യങ്ങൾ**:-

- അലങ്കാരങ്ങൾ പദങ്ങൾ എന്നിവ പരിചയപ്പെടുത്തൽ, പരിചയപ്പെട്ട പദങ്ങൾ ഉപയോഗിച്ച് ആശയങ്ങൾ രൂപീകരിക്കുക.
- പരിചിതമായ പദങ്ങളും ആശയങ്ങളും പ്രായോഗിക തലത്തിൽ കൊണ്ടുവരിക.
- ചെറിയ കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ കേൾക്കാനുള്ള അവസരം ഒരുക്കുക.
- ഹിന്ദി വായന എഴുത്ത് കേൾവി എന്നിവ പ്രോത്സാഹിപ്പിക്കുക.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|
| വായന കാർഡുകൾ, വർക്ക്ഷീറ്റുകൾ , പദകേളികൾ, പദസൂര്യൻ എന്നിവ തയ്യാറാക്കുക | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ |
| സംഭാഷണം, വായനാക്കുറിപ്പ്, വിഷയാധിഷ്ഠിത ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ |

Cont...

| | | |
|---|---|---|
| രചനകൾ, ഹിന്ദി അസംബ്ലി, തോട്ട് ഓഫ് ദി ഡേ, സാഹിത്യ സൃഷ്ടികളുടെ രചനകൾ എന്നിവ സംഘടിപ്പിക്കുക | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ |
| ക്ലാസ്സിൽ ഹിന്ദി സംസാരിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ |

## സയൻസ്

### പഠന ലക്ഷ്യങ്ങൾ

- കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുക
- പരിസ്ഥിതി സൗഹാർദ മനോഭാവം വളർത്തുക
- വ്യക്തി പരിസര ശുചീകരണം പാലിക്കൽ
- നിരീക്ഷണ പരീക്ഷണ പാടവം കുട്ടികളിൽ വളർത്തിയെടുക്കൽ
- കാർഷിക അവബോധം വളർത്തുക

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|
| പരിസ്ഥിതി സംരക്ഷണ സെമിനാറുകൾ,പോസ്റ്ററുകൾ, പരിസ്ഥിതി ബോധവത്കരണ ക്ലാസ്സുകൾ,പ്രശ്നോത്തരി എന്നിവ സംഘടിപ്പിക്കുന്നു.ശാസ്ത്രദിനങ്ങൾ ആചരിക്കുക | ജൂൺ - ഫെബ്രുവരി | ശാസ്ത്ര അധ്യാപിക |
| ചുറ്റുപാടിൽനിന്നും ലഭ്യമാകുന്ന പാഴ്വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നതിനുള്ള അവസരം ഒരുക്കുക. | ജൂൺ - ഫെബ്രുവരി | ശാസ്ത്ര അധ്യാപിക |
| നിത്യനൈപുണികൾ പരിശീലിപ്പിക്കുക (ടോയ്ലറ്റിങ്, ബ്രഷിംഗ്, ബാത്തിങ്, കുക്കിംഗ്, ടേബിൾ മാനേഴ്സ്) | ജൂൺ - ഒക്ടോബർ | ശാസ്ത്ര അധ്യാപിക |
| ആരോഗ്യ പ്രവർത്തകരുടെ സന്ദർശനം, പോസ്റ്റർ നിർമ്മാണം, സ്കിറ്റ് അവതരണം, കവിതകൾ, കൃഷിയുമായി ബന്ധപ്പെട്ട പതിപ്പ് നിർമ്മാണം എന്നിവ സംഘടിപ്പിക്കുക | ജൂൺ - നവംബർ | ശാസ്ത്ര അധ്യാപിക |

Cont...

| | | |
|---|---|---|
| വിത്തു മുളപ്പിക്കൽ, ചെടിവെച്ചു പിടിപ്പിക്കൽ, ഫീൽഡ് ട്രിപ്പ്, ഔഷധ സസ്യ തോട്ടം നിർമ്മിക്കൽ, വിദ്യാലയ-ത്തിൽ ആവശ്യമായ പച്ചക്കറികളും, പൂക്കളും വെച്ചുപിടി-പ്പിക്കൽ, പരീക്ഷണ നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ | ജൂലൈ - നവം ബർ | സ്റ്റാഫ് കൗൺസിൽ പിടിഎ |
| കർഷകരുമായി അഭിമുഖങ്ങൾ സംഘടിപ്പിക്കുക, പച്ച-ക്കറിത്തോട്ട നിർമ്മാണം കുട്ടികളിൽ പരിശീലിപ്പിക്കുക എന്റെ ഡയറി തയ്യാറാക്കൽ കൃഷിയുമായി ബന്ധപ്പെട്ട കടങ്കഥ, ശൈലികൾ, പഴഞ്ചൊല്ലുകൾ എന്നിവയുടെ മത്സരങ്ങളും സംഘടിപ്പിക്കുക | ജൂലൈ - ഒക്ടോബർ | സ്റ്റാഫ് കൗൺസിൽ |
| ജൈവവൈവിധ്യ ഉദ്യാനത്തിലൂടെ അറിഞ്ഞു അനുഭവി-ച്ചും പഠിക്കാനുള്ള അവസരം നൽകുക | ജൂലൈ - ജനുവരി | പിടിഎ |

## സോഷ്യൽ സയൻസ്

### പഠന ലക്ഷ്യങ്ങൾ :-

- ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുള്ള അവബോധം വളർത്തിയെടുക്കുക.
- ഗ്ലോബ്, ഭൂപടം എന്നിവയെ കുറിച്ച് അവബോധം ഉണ്ടാക്കുക.
- ദേശീയവും സാമൂഹികവുമായ അവബോധം വളർത്തിയെടുക്കുക.
- സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരി-ശോധിക്കൽ, നേടിയെടുക്കൽ
- പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെ-ടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|
| ചരിത്ര സ്മാരകങ്ങൾ സന്ദർശിച്ച് കുറിപ്പ് തയ്യാറാക്കൽ, | ആഗസ്റ്റ് - നവംബർ | പി ടി എ & എസ് എസ് അധ്യാപകർ |
| ചരിത്രപുസ്തകങ്ങളുടെ വായന പ്രോത്സാഹിപ്പിക്കുക. | ആഗസ്റ്റ് - നവംബർ | പി ടി എ എസ് എസ് അധ്യാപകർ |

Cont...

| | | |
|---|---|---|
| പ്രശ്നോത്തരി, പ്രസംഗമത്സരം എന്നിവ സംഘടിപ്പിക്കൽ. സ്വാതന്ത്ര്യസമരസേനാനികൾ, ചരിത്രകാരന്മാർ എന്നിവരുമായുള്ള അഭിമുഖങ്ങൾ, ചരിത്ര സിനിമ പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുക. | ആഗസ്റ്റ് - നവംബർ | പി ടി എ എസ് എസ് അധ്യാപകർ |
| ഭൂപട വായന, എംപോസിംഗ് ഭൂപട നിർമ്മാണം, പഠനോപകരണ നിർമ്മാണ വർക്ക്ഷോപ്പ്, സ്ക്കൂൾ, വീട് തുടങ്ങിയവയുടെ രൂപരേഖ തയ്യാറാക്കുക | ജൂൺ - ജനുവരി | പി ടി എ എസ് എസ് അധ്യാപകർ |
| പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുക (കോടതി,പോസ്റ്റോഫീസ്, പോലീസ് സ്റ്റേഷൻ...) | ജൂൺ - ജനുവരി | പി ടി എ എസ് എസ് അധ്യാപകർ |
| നിയമ വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | ജൂൺ - ജനുവരി | പി ടി എ എസ് എസ് അധ്യാപകർ |
| ബാലാവകാശം, മനുഷ്യാവകാശം എന്നിവയെ സംബന്ധിച്ച സെമിനാറുകൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക | ജൂൺ - ജനുവരി | പി ടി എ എസ് എസ് അധ്യാപകർ |

## ഗണിതം

**പഠന ലക്ഷ്യങ്ങൾ:-**

- ഗണിത പഠനം രസകരവും ലളിതവും ആക്കുക.
- ഗണിത പഠനം കൂടുതൽ ആസ്വാദ്യകരമാക്കുകയും പിന്നോക്ക അവസ്ഥ പരിഹരിക്കുകയും ചെയ്യുക.
- ജ്യാമതീയ രൂപങ്ങൾ തിരിച്ചറിയുന്നതിന് സഹായിക്കുക
- രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു
- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചതുഷ്ക്രിയകൾ സഹായകരമാകുന്നു എന്നത് കുട്ടികൾ തിരിച്ചറിയൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|
| ചുറ്റുപാടിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾ കൊണ്ട് വിവിധ കളികളിലൂടെ ചതുഷ്ക്രിയകൾ ഹൃദ്യസ്ഥമാക്കുക. സ്ഥാനവില പോക്കറ്റ് നിർമ്മിക്കുക | ജൂൺ - ഓഗസ്റ്റ് | ഗണിത അധ്യാപകർ, സ്റ്റാഫ് കൗൺസിൽ |
| കുട്ടിക്കവിത, സംഖ്യാകേളി, അബാക്കസ് ,ക്ലോക്ക്, ഉല്ലാസ ഗണിതം , സംഖ്യ കാർഡുകൾ, കളി നോട്ടുകൾ എന്നിവ നിർമ്മിക്കുക | ജൂൺ - സെപ്റ്റംബർ | ഗണിത അധ്യാപകർ |
| ഗണിത ശില്പശാലയുടെ ഭാഗമായി കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് എന്നിവ ഉപയോഗിക്കുന്നു | ഓഗസ്റ്റ് - ഡിസംബർ | ഗണിത അധ്യാപകർ, പിടിഎ |
| ഗണിത പഠനോപകരണങ്ങളുടെ നിർമ്മാണം, സ്കിറ്റ് നിർമ്മാണം, വർഷോപ്പുകൾ, ചുറ്റുപാടിൽ നിന്നും ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ജ്യാമതീയ രൂപങ്ങളുടെ നിർമ്മാണം, ജ്യാമതീയ രൂപങ്ങൾ ഉപയോഗിച്ച് ആൽബങ്ങൾ ചാർട്ടുകൾ, പാറ്റേണുകൾ എന്നിവ നിർമ്മിക്കാൻ കുട്ടികളെ സഹായിക്കൽ | ജൂലൈ - ഡിസംബർ | ഗണിത അധ്യാപകർ, പിടിഎ |
| ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധരൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കാൻ | ഓഗസ്റ്റ് - മാർച്ച് | ഗണിത അധ്യാപകർ |
| വ്യാപാരസ്ഥാപനങ്ങൾ, മറ്റു നിർമ്മാണ മേഖലകൾ സന്ദർശിക്കൽ | ജൂലൈ - ഡിസംബർ | ഗണിത അധ്യാപകർ, പിടിഎ |
| ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ എന്നിവ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | സെപ്റ്ബർ- ജനുവരി | ഗണിത അധ്യാപകർ |

# കലാകായിക ആരോഗ്യ പ്രവർത്തിപരിചയം

**പഠന ലക്ഷ്യങ്ങൾ:-**

- സംഗീത അഭിരുചി,താളബോധം ശ്രുതിബോധം എന്നിവയിലുള്ള അവബോധം വളർത്തിയെടുക്കുക.
- പ്രസ്തുത മേഖലകളിൽ പ്രാവീണ്യം നേടിയ വ്യക്തികളെ പരിചയപ്പെടുത്തുകയും അവരുമായുള്ള അഭിമുഖങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.
- സംഗീത ഉപകരണങ്ങളെ പരിചയപ്പെടുത്തുകയും പരിശീലനം നൽകുകയും ചെയ്യുക.
- വ്യത്യസ്ത സംഗീത ഉപകരണങ്ങളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക
- കുട്ടികളെ സംസ്ഥാനതല കലാ,ശാസ്ത്ര മേളകളിലേക്കുള്ള പരിശീലനവും,പങ്കെടുപ്പിക്കലും
- കുട്ടികളെ പഠനാനുഭവങ്ങളുടെ ഭാഗമാക്കൽ.
- പ്ലാസ്റ്റിക്കിന് എതിരെയുള്ള പരിസ്ഥിതി സംരക്ഷണം.
- ശുചിത്വ സംരക്ഷണം.
- വസ്ത്രങ്ങൾ മോടി കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ.
- ശില്പശാലകൾ.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|
| വിവിധ തരത്തിലുള്ള സംഗീത ഓഡിയോകൾ കേൾപ്പിക്കുക | നവംബർ - ഒക്ടോബർ | സംഗീത അധ്യാപകർ |
| കലാകാരന്മാരെ കേൾക്കാനും പരിചയപ്പെടാനും അവസരം ഒരുക്കുക | നവംബർ - ഒക്ടോബർ | സംഗീത അധ്യാപകർ |
| കലാമണ്ഡലം, ലളിതകല അക്കാദമി തുടങ്ങിയ കലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കുക | നവംബർ - ഒക്ടോബർ | സംഗീത അധ്യാപകർ |
| വിവിധ താള വാദ്യ ഉപകരണങ്ങൾ വായിക്കാൻ പരിശീലിപ്പിക്കുകയും അവയുടെ ശബ്ദങ്ങൾ ഓഡിയോ ഉപകരണങ്ങൾ വഴി കേൾപ്പിക്കുകയും ചെയ്യുക | നവംബർ - ഒക്ടോബർ | സംഗീത അധ്യാപകർ |

Cont...

| | | |
|---|---|---|
| വിവിധ കലാമേഖലകളിൽ പ്രാവീണ്യം നേടിയ വ്യക്തിക-ളുടെ വീടുകളിൽ അഥവാ ക്യാമ്പുകളിൽ നേരിട്ട് പോയി അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും അവരെ പഠിക്കുകയും അഭിമുഖങ്ങൾ സംഘടിപ്പിക്കുക-യും ചെയ്യുക | നവംബർ - ഒക്ടോബർ | സംഗീത അധ്യാപകർ |
| പ്ലാസ്റ്റിക് നിയന്ത്രിത വിദ്യാലയം , ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗയോഗ്യമായ വസ്തുക്കളു-ടെ നിർമ്മാണം | ജൂൺ - മാർച്ച് | എച്ച് . എം, പ്രവർത്തി പഠന അധ്യാപിക, പിടിഎ |
| തുണിയിൽ ഫാബ്രിക് പെയിൻറ്, വെജിറ്റബിൾ പ്രിൻറ് , എംബ്രോയിഡറി, സ്റ്റെൻസിൽ തുടങ്ങിയവ | സെപ്റ്ബർ-ഡിസംബർ | പ്രവർത്തി പഠന അധ്യാപിക |
| പഠനോപകരണ നിർമ്മാണം,ജൈവകൃഷി ഐ.സി.ടി സഹായത്തോടെ മോഡലുകളുടെ പ്രദർശനം. | ജൂൺ - ആഗസ്റ്റ് | എച്ച് . എം, പ്രവർത്തി പഠന അധ്യാപിക |
| പൈപ്പ്, കമ്പോസ്റ്റ്, സോപ്പ്, ലോഷൻ, ഡിറ്റർജന്റ് പൗ-ഡർ, വേസ്റ്റ് ബാസ്ക്കറ്റ്, പൊടിത്തട്ടി എന്നിവയുടെ നിർമ്മാണം. | ജൂലൈ - സെപ്റ്റംബർ | പ്രവർത്തി പഠന അധ്യാപിക |
| ഊർജ്ജ സംരക്ഷണം, ബുക്ക് ബൈൻഡിങ്, ചന്ദനത്തി-രി എന്നിവയുടെയും നിർമ്മാണം. | നവംബർ - മാർച്ച് | പ്രവർത്തി പഠന അധ്യാപിക |

# ദിനാചരണങ്ങൾ 2025-26

| ജൂൺ - 2025 | | | |
|---|---|---|---|
| ദിനം | ആചരണം | പ്രവർത്തനങ്ങൾ | ചുമതലകൾ |
| 2 | പ്രവേശനോത്സവം | നവാഗതരായ വിദ്യാർത്ഥികളെ വിദ്യാലയത്തിലേക്ക് സ്വാഗതം ചെയ്യുകയും, പ്രവേശനോത്സവ ആഘോഷങ്ങളും സംഘടിപ്പിക്കൽ | പി.ടി.എ |
| 5 | ലോക പരിസ്ഥിതി ദിനം | പുതിയ തൈകൾ നടീൽ, പരിസ്ഥിതി സംരക്ഷണ അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | സ്റ്റാഫ് കൗൺസിൽ |
| 12 | ലോകബാലവേല വിരുദ്ധ ദിനം | ബാലവേല വിരുദ്ധ സന്ദേശങ്ങൾ നൽകൽ | എസ്. ആർ .ജി |
| 14 | ലോക രക്ത ധാന ദിനം | രക്തദാന അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കൽ | എസ്.- ആർ. ജി |
| 19 | വായന ദിനം | പ്രശ്നോത്തരി, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, പദപയറ്റ്, വായന മത്സരങ്ങൾ, സംഘടിപ്പിക്കൽ | മലയാളം അധ്യാപകർ |
| 21 | അന്താരാഷ്ട്ര സംഗീത-യോഗ ദിനം | ലോക സംഗീതകാരന്മാരുടെ ചരിത്രവും സംഗീത അവബോധവും നൽകൽ, നിത്യജീവിതത്തിൽ യോഗയുടെ പ്രാധാന്യവും,യോഗ പരിശീലനവും നൽകൽ | സംഗീത അധ്യാപകർ ക്രാഫ്റ്റ് ടീച്ചർ |
| 23 | അന്താരാഷ്ട്ര ഒളിമ്പിക് ദിനം | നിത്യജീവിതത്തിൽ കായിക അഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള സന്ദേശം അസംബ്ലിയിൽ പ്രഥമ അധ്യാപിക നൽകൽ | പ്രഥമ അധ്യാപിക |
| 26 | അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം | ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മാണം ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക | എസ്. ആർ .ജി |
| 27 | ഹെലൻ കെല്ലർ | ഹെലൻ കെല്ലറിനെ പറ്റിയുള്ള ഡോക്യുമെൻററി പ്രദർശനം, അദ്ദേഹത്തിൻറെ ജീവിതത്തിലേക്കുള്ള ഒരു എത്തിനോട്ടം വിദ്യാർത്ഥികളെ കൊണ്ട് അവതരിപ്പിക്കുന്നു. | എസ്. ആർ. ജി |

| ജൂലൈ -2025 | | | |
|---|---|---|---|
| ദിനം | ആചരണം | പ്രവർത്തനങ്ങൾ | ചുമതലകൾ |
| 1 | വനമഹോത്സവ ദിനം | വനസംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള സന്ദേശം നൽകൽ. | ശാസ്ത്ര അധ്യാപിക |
| 5 | ബഷീർ ദിനം | അദ്ദേഹത്തിന്റെ നോവലിലെ കഥാ-പാത്രങ്ങളുടെ അവതരണം, ബഷീർ കൃ-തികളുടെ വായന പരിപോഷിപ്പിക്കൽ, | മലയാളം അധ്യാപകർ |
| 11 | ലോക ജനസംഖ്യ ദിനം | ലോക ജനസംഖ്യാ ദിനത്തിൻറെ പ്ര-സക്തിയെ കുറിച്ചുള്ള സന്ദേശം വിദ്യാർ-ത്ഥികൾക്ക് നൽകുന്നു | പ്രഥമ അധ്യാപിക |
| 21 | ചാന്ദ്രദിനം | സുഡോക്കു കൊക്ക് നിർമ്മാണം പ്ര-ശ്നോത്തരി,ഡോക്യുമെൻററി പ്രദർശനം | ശാസ്ത്ര അധ്യാപിക |
| 28 | ലോക പ്രകൃതി സംര-ക്ഷണ ദിനം | പ്രകൃതി സംരക്ഷണ സെമിനാർ, കഥാ-രചന എന്നിവ സംഘടിപ്പിക്കൽ | ശാസ്ത്ര അധ്യാപിക |

| ആഗസ്റ്റ് - 2025 | | | |
|---|---|---|---|
| ദിനം | ആചരണം | പ്രവർത്തനങ്ങൾ | ചുമതലകൾ |
| 6 | ഹിരോഷിമ ദിനം | ഡോക്യുമെൻററി പ്രദർശനം, പ്രശ്നോ-ത്തരി എന്നിവ സംഘടിപ്പിക്കുക. | സാമൂഹ്യശാ-സ്ത്ര അധ്യാ-പിക |
| 9 | ക്വിറ്റ് ഇന്ത്യ ദിനം, നാഗ-സാക്കി ദിനം | പ്രശ്നോത്തരി കുറിപ്പ് തയ്യാറാക്കൽ | ചരിത്ര അധ്യാപകർ |
| 15 | സ്വാതന്ത്ര്യ ദിനം | സ്വാതന്ത്ര്യദിന പതാക ഉയർത്തൽ, പോസ്റ്റർ, പതാക നിർമ്മാണം പ്രശ്നോ-ത്തരി,ദേശഭക്തിഗാനം,പ്രസംഗം,സ്കി-റ്റ്, ഫാൻസി ഡ്രസ്സ് തുടങ്ങിയ ദേശാവ-ബോധം വളർത്തുന്ന മത്സരങ്ങൾ സം-ഘടിപ്പിക്കുക. | സ്റ്റാഫ് കൗൺസിൽ |
| 28 | അയ്യങ്കാളി ജയന്തി | ചരിത്രപുരുഷനായ അയ്യങ്കാളിയെ കുറിച്ചുള്ള ഡോക്യുമെൻററി പ്രദർശനം | എസ്. ആർ. ജി |

| സെപ്റ്റംബർ -2025 | | | |
|---|---|---|---|
| ദിനം | ആചരണം | പ്രവർത്തനങ്ങൾ | ചുമതലകൾ |
| 5 | അധ്യാപകദിനം | പ്രഥമാധ്യാപിക അസംബ്ലിയിൽ കുട്ടികൾക്കായി സന്ദേശം നൽകുന്നു | പ്രഥമ അധ്യാപിക |
| 8 | ലോക സാക്ഷരതാ ദിനം | സ്കിറ്റ് സെമിനാർ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | പി.ടി.എ |
| 14 | ദേശീയ ഹിന്ദി ദിനം | ഹിന്ദി ഭാഷയിൽ അസംബ്ലി നട- ത്തുക(പത്രവാർത്ത, പ്രാർത്ഥനാ ഗാ- നം). ഹിന്ദി ഭാഷയിൽ സാഹിത്യ മത്സ- രങ്ങൾ സംഘടിപ്പിക്കുക. | ഹിന്ദി അധ്യാപിക |
| 15 | ലോക ജനാധിപത്യ ദി- നം | ജനാധിപത്യ അവബോധം വളർത്തു- ന്നതിനായി ഇന്ത്യൻ ഭരണഘടനയുടെ മൂല്യങ്ങൾ ആഴത്തിൽ അറിയുന്നതിനു- ള്ള ക്ലാസുകൾ നടത്തുക. | സാമൂഹ്യ ശാസ്ത്ര അധ്യാപിക. |
| 29 | ലോക ഹൃദയ ദിനം | ആരോഗ്യ വിദഗ്ധരുടെ ബോധവൽക്ക- രണ ക്ലാസുകൾ സംഘടിപ്പിക്കുക | പി.ടി.എ |

| ഒക്ടോബർ - 2025 | | | |
|---|---|---|---|
| ദിനം | ആചരണം | പ്രവർത്തനങ്ങൾ | ചുമതലകൾ |
| 1 | ദേശീയ രക്തദാന ദിനം, | പോസ്റ്റർ നിർമ്മാണം സ്കിറ്റ്, നാടകം, കഥ, കവിത എന്നിവയുടെ അവതര- ണം. മലയാള അധ്യാപിക | ശാസ്ത്ര അധ്യാപിക |
| | ദേശീയ വൃദ്ധ ദിനം | | മലയാളം അധ്യാപകർ |
| 2 | ഗാന്ധിജയന്തി, വിജയ ദശമി | ഡോക്യുമെൻററി പ്രദർശനം, വിദ്യാലയ പരിസരം വൃത്തിയാക്കുക പരിസ്ഥിതി ശുചീകരണ പോസ്റ്റർ വന്യജീവി സംര- ക്ഷണ പോസ്റ്റർ എന്നിവയുടെ നിർ- മ്മാണം. | സ്റ്റാഫ്- കൗൺസിൽ |
| 10 | ദേശീയ തപാൽ ദിനം | പോസ്റ്റ് ഓഫീസ് സന്ദർശനം. | എസ്. ആർ. ജി |

| | | | |
|---|---|---|---|
| 13 | സംസ്ഥാന കായിക ദിനം | കായിക മത്സരങ്ങൾ സംഘടിപ്പിക്കുക | എസ്. ആർ. ജി |
| 15 | ലോക വിദ്യാർത്ഥി ദിനം | അസംബ്ലിയിൽ പ്രധാനാധ്യാപിക കുട്ടികൾക്കായി സന്ദേശം നൽകുന്നു . | പ്രധാന അധ്യാപിക |
| | ലോക വെള്ളവടി ദിനം | ഓറിയന്റേഷൻ മൊബിലിറ്റി ക്ലാസ് | പി.ടി.എ, സ്റ്റാഫ് കൗൺസിൽ |
| 16 | ലോക ഭക്ഷ്യ ദിനം | ഭക്ഷ്യസുരക്ഷാ സെമിനാർ. | ശാസ്ത്ര അധ്യാപിക |
| 24 | ഐക്യരാഷ്ട്ര ദിനം | പ്രധാനഅധ്യാപിക കുട്ടികൾക്ക് അസംബ്ലിയിൽ സന്ദേശം നൽകുന്നു. | എസ്. ആർ. ജി |

| നവംബർ - 2025 | | | |
|---|---|---|---|
| ദിനം | ആചരണം | പ്രവർത്തനങ്ങൾ | ചുമതലകൾ |
| 1 | കേരളപ്പിറവി ദിനം | പ്രശ്നോത്തരി മാതൃഭാഷയുടെ പ്രാധാന്യം ഉൾക്കൊള്ളുന്ന രചനകൾ (കഥ, കവിത, സ്കിറ്റ്, നാടകം, പോസ്റ്റർ). | മലയാളം അധ്യാപിക |
| 7 | സി വി രാമൻ ദിനം | ഡോക്യുമെൻററി പ്രദർശനം ശാസ്ത്ര വുമായി ബന്ധപ്പെട്ട പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുക. | ശാസ്ത്ര അധ്യാപിക |
| 14 | ശിശുദിനം | ഡോക്യുമെൻററി പ്രദർശനം കുട്ടികളുടെ കലാപരിപാടികൾ പോസ്റ്റർ നിർമ്മാണം എന്നിവ നടത്തുക. | എസ്. ആർ. ജി |
| 26 | ഭരണഘടനാ ദിനം | ഭാരതത്തിന്റെ മതേതരത്വം ഐക്യം അഖണ്ഡത എന്നിവ കാത്തുസൂക്ഷിക്കുന്ന ഇന്ത്യൻ ഭരണഘടനയുടെ പ്രസക്തഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. | ശാസ്ത്ര അധ്യാപിക |

| ഡിസംബർ - 2025 | | | |
|---|---|---|---|
| ദിനം | ആചരണം | പ്രവർത്തനങ്ങൾ | ചുമതലകൾ |
| 3 | ലോക ഭിന്നശേഷി ദിനം | കലാകായിക മത്സരങ്ങൾ സംഘടിപ്പി-ക്കുക. | സ്റ്റാഫ് കൗൺസിൽ |
| 10 | മനുഷ്യാവകാശ ദിനം | സാമൂഹ്യശാസ്ത്ര അധ്യാപിക കുട്ടികൾ-ക്കായി അസംബ്ലിയിൽ സന്ദേശം നൽ-കുന്നു. | സാമൂഹ്യ ശാസ്ത്ര അധ്യാപിക |
| 14 | ദേശീയ ഊർജ്ജ സംര-ക്ഷണ ദിനം | ശാസ്ത്ര അധ്യാപിക കുട്ടികൾക്കായി അസംബ്ലിയിൽ സന്ദേശം നൽകുന്നു. | ശാസ്ത്ര അധ്യാപിക |

| ജനുവരി - 2025 | | | |
|---|---|---|---|
| ദിനം | ആചരണം | പ്രവർത്തനങ്ങൾ | ചുമതലകൾ |
| 24 | ദേശീയ ബാലിക ദിനം | ബോധവൽക്കരണ ക്ലാസുകൾ സംഘടി-പ്പിക്കുക. | എസ്. ആർ. ജി |
| 26 | റിപ്പബ്ലിക് ദിനം | റിപ്പബ്ലിക് ദിനാചരണം, പ്രധാനാധ്യാ-പിക റിപ്പബ്ലിക് ദിന സന്ദേശം നൽകു-ന്നു. വിദ്യാർത്ഥികളുടെ കലാപരിപാടി-കൾ അരങ്ങേറുന്നു. | സ്റ്റാഫ് കൗൺസിൽ |

| ഫെബ്രുവരി - 2025 | | | |
|---|---|---|---|
| ദിനം | ആചരണം | പ്രവർത്തനങ്ങൾ | ചുമതലകൾ |
| 21 | അന്തർദേശീയ മാതൃ-ഭാഷ ദിനം | ബഹുഭാഷകളുടെ പുസ്തകങ്ങൾ വായി-ക്കുന്നു, വായനാക്കുറിപ്പുകൾ തയ്യാറാക്കു-ന്നു. | ഭാഷ അധ്യാപകർ |
| 28 | ദേശീയ ശാസ്ത്ര ദിനം | ഡോക്യുമെൻററി പ്രദർശനം, ശാസ്ത്ര പ്രസിദ്ധീകരണങ്ങളുടെ വായന, പ്ര-ശ്നോത്തരി എന്നിവ. | ശാസ്ത്ര അധ്യാപിക |

| മാർച്ച് - 2025 | | | |
|---|---|---|---|
| ദിനം | ആചരണം | പ്രവർത്തനങ്ങൾ | ചുമതലകൾ |
| 21 | ലോക വനവൽക്കരണ ദിനം | വനവൽക്കരണവുമായി ബന്ധപ്പെട്ട പോസ്റ്റർ ഡോക്യുമെൻററി പ്രദർശനം സ്കിറ്റുകൾ എന്നിവ കാണുകയും തയ്യാ-റാക്കുകയും ചെയ്യുക. | എസ്. ആർ. ജി |
| 22 | ലോക ജല ദിനം | പ്രാദേശിക ജലസ്രോതസ്സുകളെ കുറിച്ചു-ള്ള ബോധവൽക്കരണ ക്ലാസുകൾ, ഫീൽഡ് ട്രിപ്പ് എന്നിവ സംഘടിപ്പി-ക്കുക. | എസ്. ആർ. ജി |
| 23 | കാലാവസ്ഥ ദിനം | കാലാവസ്ഥ ബോധവൽക്കരണ ക്ലാസു-കൾ ഡോക്യുമെൻററി പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുക. | എസ്. ആർ. ജി |

വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി പാഠ്യ വിഷയങ്ങൾക്ക് പുറമേ പാഠ്യേതര വിഷയങ്ങളിലും അടിസ്ഥാന നൈപുണികൾ ഒന്നു-മുതൽ ഏഴു വരെയുള്ള വിദ്യാർത്ഥികൾക്ക് കൈവരിക്കുന്നതിനായുള്ള ബോധന തന്ത്ര-ങ്ങൾ കൂടി മുൻവർഷങ്ങളേക്കാൾ നടപ്പ് അധ്യയന വർഷത്തിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കുന്നതായിരിക്കും.

വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി പാഠ്യ വിഷയ-ങ്ങൾക്ക് പുറമേ പാഠ്യേതര വിഷയങ്ങളിലും അടിസ്ഥാന നൈപുണികൾ ഒന്നുമുതൽ ഏഴു വരെയുള്ള വിദ്യാർത്ഥികൾക്ക് കൈവരിക്കുന്നതിനായുള്ള ബോധന തന്ത്രങ്ങൾ കൂ-ടി മുൻവർഷങ്ങളേക്കാൾ നടപ്പ് അധ്യയന വർഷത്തിൽ കൂടുതൽ മെച്ചപ്പെട്ട രീതി-യിൽ നടപ്പാക്കുന്നതായിരിക്കും.

സ്കൂൾ പരിസരവും മറ്റു ഇടപെടുന്ന മേഖലയിലും ഭയരഹിതമായി വി-ദ്യാർത്ഥികൾക്ക് സ്വതന്ത്ര സഞ്ചാരം നടത്തുന്നതിന് ആവശ്യമായ അടിസ്ഥാനപര-മായ ഓറിയന്റേഷൻ മൊബിലിറ്റി പരിശീലനങ്ങൾ നൽകുന്നു. ഇതിനുപുറമേ ആരോഗ്യ സംരക്ഷണത്തിനായി ഡെന്റൽ ക്യാമ്പ്, കാഴ്ച പരിശോധന ക്യാമ്പ്, കേൾവി പരിശോധന ക്യാമ്പ്, സ്പീച് തെറാപ്പി തുടങ്ങിയവ സമയോചിതമായി ഈ വർഷം നടപ്പിലാക്കു-വാൻ ഉദ്ദേശിക്കുന്നു. ക്ലാസ് റൂമുകളും സ്കൂൾ പരിസരവും വിദ്യാർത്ഥികൾക്ക് തിരിച്ചറി-യുന്നതിനാവശ്യമായ സൗകര്യങ്ങൾ (സൂചന ബോർഡുകളും മറ്റും) ഒരുക്കും. സ്കൂളിൽ നി-ലവിലുള്ള സി.സി ടിവി ക്യാമറയുടെ വ്യാപ്തി ക്ലാസ്സ് റൂം, ഗേൾസ് ഹോസ്റ്റൽ, ബോയ്സ് ഹോസ്റ്റൽ എന്നിവിടങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

സ്ക്കൂൾ പ്രവേശന പരിസരത്ത് കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. സ്പർശനത്തിലൂടെ പാഠ്യ പാഠ്യേതര വിഷയങ്ങൾ വേഗത്തിൽ (കളികളിലൂടെ) ഹൃദ്യസ്ഥമാക്കാൻ കഴിയുന്ന രീതിയിലുള്ള ഭിന്നശേഷി സൗഹൃദ പാർക്ക് ഉണ്ടാക്കുന്നതിനായി ആവശ്യമായ മുഴുവൻ സാധ്യതകളേയും പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ വർഷംതന്നെ നടപ്പിലാക്കുന്നതാണ്.

മുൻവർഷങ്ങളെപ്പോലെ സംസ്ഥാനതല ഭിന്നശേഷി ശാസ്ത്ര കലാ കായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായി പ്രാരംഭത്തിൽ തന്നെ ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. ആധുനിക വിദ്യാഭ്യാസരീതിയിൽ വിവരസാങ്കേതികവിദ്യയുടെ പ്രാധാന്യം മുഖ്യ പങ്കുവഹിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഒന്നാം ക്ലാസ്സ് മുതൽ ത്തന്നെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. കാലാനുസൃതമായി സോഫ്റ്റ്‌വെയറുകളുടെ മാറ്റങ്ങൾ കൂടി വിദ്യാർഥികളിലേക്ക് എത്തിക്കുന്നതിന് വേണ്ടിയുള്ള നിരന്തരമായ ശ്രമങ്ങളും നടത്തുന്നതാണ്. വായന പരിപോഷിപ്പിക്കുന്നതിനായി ഡിജിറ്റൽ ലൈബ്രറിയും മറ്റും മുൻവർഷങ്ങളേക്കാൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതായിരിക്കും.

മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി ഈ വിദ്യാലയം സർവ്വതാ സന്നദ്ധമാണ്. ഈ അവസരത്തിൽ എല്ലാ കഴിവുകളേയും സാധ്യതകളെയും സാഹചര്യങ്ങളെയും പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് കാഴ്ചാ പരിമിതരായ കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിനുള്ള പ്രവർത്തങ്ങൾ നടത്തിവരുന്നു. പൊതുവിദ്യാഭ്യാസ മേഖലയിൽ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ ആവശ്യമാകുന്ന മേഖലകളിൽ അനുരൂപീകരണം നടത്തികൊണ്ടുള്ള അധ്യാപന രീതി ഈ വിഭാഗത്തിലെ കുട്ടികൾക്ക് പ്രയോജനപ്പെടുന്നു. തന്മൂലം സാഹിത്യം, ശാസ്ത്രം, ഗണിതം, കലാരംഗം, കായികം, വിവരസാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ മറ്റ് കുട്ടികൾക്കൊപ്പം തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുന്നതിന് ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് സാധ്യമാകുന്നു.